# نواقض الاسلام العشرة

## ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകുന്ന പത്ത് കാര്യങ്ങൾ

ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ഇബ്നു അബ്ദുൽവഹാബ് رحمه الله യുടെ نواقض الاسلام العشرة എന്ന രിസാലയുടെ വിവർത്തനം ആണിത്. അല്ലാഹു നമ്മെയേവരെയും അനുഗ്രഹിക്കുകയും അവന്റെ ദീനിൽ ഉറപ്പിച്ച് നിർത്തുകയും ചെയ്യുമാറാകട്ടെ.

### ശൈഖ് പറയുന്നു:

അറിയുക, അല്ലാഹു ﷻ നിന്നെ അനുഗ്രഹിക്കട്ടെ, ഇസ്‌ലാമിൽ നിന്ന് പുറത്ത് പോവുന്ന കാര്യങ്ങൾ പത്താകുന്നു.

**ഒന്ന്:**

ശിർക്ക്, അല്ലാഹുവിൽ പങ്കു ചേർക്കുക. അല്ലാഹു ﷻ പറയുന്നു:

إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشۡرِكۡ بِٱللَّهِ فَقَدۡ ضَلَّ ضَلَٰلَۢا بَعِيدًا ﴿١١٦﴾ ( سورة النساء)

“തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു

കൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു.''

إِنَّهُۥ مَن يُشۡرِكۡ بِٱللَّهِ فَقَدۡ حَرَّمَ ٱللَّهُ عَلَيۡهِ ٱلۡجَنَّةَ وَمَأۡوَىٰهُ ٱلنَّارُۖ وَمَا لِلظَّٰلِمِينَ مِنۡ أَنصَارٖ ﴿٧٢﴾

(سورة المائدة)

അല്ലാഹുവോട് വല്ലവനും പങ്കു ചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവനു സ്വർഗം നിഷിദ്ധമാക്കുന്നതാണ്.നരകം അവന്റെ വാസ സ്ഥലമായിരിക്കുകയും ചെയ്യും.അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല.

അല്ലാഹു ﷻ അല്ലാത്തവർക്ക് (ജിന്ന്, മഖ്ബറകൾ) ബലി അർപ്പിക്കുന്നതും ഇതിൽ പെടുന്നു.

**രണ്ട്:**

ആർ അല്ലാഹുവിലേക്ക് ഇടയാളന്മാരെ സ്ഥാപിച്ച് അവരോട് പ്രാർഥിക്കുകയും ചെയ്യുന്നുവോ, അവൻ വ്യക്തമായും കുഫ്റിലാകുന്നു.

**മൂന്ന്:**

അല്ലാഹു ﷻ അല്ലാത്തവരെ ആരാധിക്കുന്ന മുശ്‌രിക്കുകൾ കുഫ്റിലാണെന്ന് വിശ്വസിക്കാതിരിക്കുകയോ, മുശ്‌രിക്കുകളുടെ വിശ്വാസത്തെ ശരി വെക്കുകയോ അതിൽ സംശയം പുലർത്തുകയോ ചെയ്യുന്നവനും കുഫ്റിലാകുന്നു.

**നാല്:**

മുഹമ്മദ്ﷺഅവതരിപ്പിച്ചതിനേക്കാൾ ഉത്തമം മറ്റൊന്നാണെന്ന് വിശ്വസിക്കുകയോ ,അദ്ദേഹം വിധിച്ചതിനേക്കാൾ ഉത്തമമാണ് താഗൂത്തികളുടെ വിധി എന്ന് വിശ്വസിക്കുന്നവനും കുഫ്റിലാണ്.

(വിവ: താഗൂത്തിനെ പറ്റിയുള്ള ഏറ്റവും നല്ല വിശദീകരണം ഇമാം ഇബ്നുൽഖയ്യിം رحمه الله പറഞ്ഞതാണ്. അഥവാ ''ആരാധന, പിന്തുടരൽ, അനുസരണ എന്നിവ കൊണ്ട് ഒരു അടിമ അതിരു വിട്ടവരാണ് താഗൂതുകൾ''.

അല്ലാഹുവിനു പുറമേ ആരാധിക്കപ്പെടുകയും അതിൽ തൃപ്തിപ്പെടുകയും ചെയ്യുന്ന വ്യാജ ദൈവങ്ങൾ, അല്ലാഹുവിന്റെ ശരീഅത്തിനെതിരായി ഭരണഘടനകൾ കൊണ്ട് വരാൻ ഭരണാധികാരികളെ പ്രേരിപ്പിക്കുന്ന പണ്ഡിതന്മാർ, അത്തരം മത വിരുദ്ധ നിയമങ്ങൾ കൊണ്ട് വിധിക്കുന്ന ഭരണാധികാരികൾ എന്നിവരൊക്കെ ഇതിൽ പെടും എന്ന് ശൈഖ് ഉഥൈമീൻ رحمه الله വിശദീകരിച്ചിട്ടുണ്ട്.)

**അഞ്ച്:**

അല്ലാഹുവിന്റെ റസൂൽ ﷺ കൊണ്ട് വന്നതിൽ ഏതെങ്കിലും ഒരു കാര്യത്തെ ആരെങ്കിലും വെറുത്തുവോ, അതനുസരിച്ച് അവൻ പ്രവർത്തിച്ചാലും ഇല്ലെങ്കിലും ശരി, അവൻ കുഫ്റിലാകുന്നു.

**ആറ്:**

അല്ലാഹുവിന്റെ റസൂൽ ﷺ കൊണ്ട് വന്ന ഈ ദീനിലെ ഏതെങ്കിലും ഒരു കാര്യത്തെ ഒരാൾ നിന്ദിക്കുകയോ പരിഹസിക്കുകയോ ചെയ്താൽ അവൻ കുഫ്റിലാകുന്നു.

ഇതിനുള്ള തെളിവ്, അല്ലാഹു ﷻ പറയുന്നു:

قُلْ أَبِٱللَّهِ وَءَايَـٰتِهِۦ وَرَسُولِهِۦ كُنتُمْ تَسْتَهْزِءُونَ ﴿٦٥﴾ لَا تَعْتَذِرُوا۟ قَدْ كَفَرْتُم بَعْدَ إِيمَـٰنِكُمْ ۚ

(سورة التوبة)

''പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു.''

**ഏഴ്:**

സിഹ്ർ (മാരണം, ജാലവിദ്യ, ജ്യോതിഷം...) ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും ഇസ്ലാമിനു പുറത്ത് പോയി കാഫിറാകുന്നതാണ്.

അല്ലാഹു ﷻ പറയുന്നു:

وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّىٰ يَقُولَا إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ ۖ (سورة البقرة)

"എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും (സിഹ്ർ), ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇത് ഉപയോഗിച്ച്) ദൈവ നിഷേധത്തിൽ ഏർപെടരുത് എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നില്ല"

**എട്ട്:**

മുസ്ലിംകൾക്കെതിരെ കാഫിറുകളെ സഹായിക്കൽ.

അല്ലാഹു ﷻ പറയുന്നു:

وَمَن يَتَوَلَّهُم مِّنكُمْ فَإِنَّهُۥ مِنْهُمْ ۗ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿٥١﴾

"നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റ മിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു ﷻ നേർ വഴിയിലാക്കുകയില്ല; തീർച്ച."

**ഒൻപത്:**

ഖിദ്ർ عليه السلام ക്ക് മൂസാ عليه السلام യുടെ ശരീഅത്തിന് വിഭിന്നമായി പ്രവർത്തിക്കാൻ അനുവാദം കിട്ടിയത് പോലെ മുഹമ്മദ് നബി ﷺ യുടെ ശരീഅത്തിനു വിഭിന്നമായി പ്രവർത്തിക്കാൻ ആർക്കെങ്കിലും അനുവാദമുണ്ടെന്ന് വിശ്വസിച്ചാൽ അവൻ കുഫ്റിലാകുന്നു.

**പത്ത്:**

അല്ലാഹുവിന്റെ ദീനിൽ നിന്നും തിരിഞ്ഞ് കളയൽ.

അല്ലാഹു ﷻ പറയുന്നു:

وَمَنْ أَظْلَمُ مِمَّن ذُكِّرَ بِـَٔايَـٰتِ رَبِّهِۦ ثُمَّ أَعْرَضَ عَنْهَآ ۚ إِنَّا مِنَ ٱلْمُجْرِمِينَ مُنتَقِمُونَ ﴿٢٢﴾

(سورة السجدة)

“തന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽ നിന്ന് തിരിഞ്ഞു കളഞ്ഞവനെക്കാൾ അക്രമിയായി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാ നടപടിയെടുക്കുന്നതാണ്.”

ഈ പത്ത് കാര്യങ്ങൾ ഒരാൾചെയ്യുന്നത് മനപ്പൂർവമോ തമാശയായോ ഭയം മൂലമോ ആകട്ടെ, അതിന്റെ വിധി ഒന്നുതന്നെയാണ്, നിർബന്ധ സാഹചര്യത്തിൽ ചെയ്യുന്നവനൊഴികെ. മുസ്ലിംകൾ ഇത്തരം കാര്യങ്ങളെ സൂക്ഷിക്കുകയും അത്തരം അവസ്ഥകൾ വന്ന് ചേരുന്നതിനെ ഭയക്കുകയും വേണം. കാരണം ഇവ വളരെ വ്യാപകമായി സംഭവിച്ച് കൊണ്ടിരിക്കുന്ന കാര്യങ്ങൾ ആണ്.

അല്ലാഹുവിന്റെ കോപത്തിനും ശിക്ഷയ്ക്കും ഇടയാക്കുന്ന കാര്യങ്ങളിൽ നിന്ന് നാം അവനോട് ശരണംതേടുന്നു.

وصلى الله على عبده ورسوله نبيناً محمد وآله وصحبه.

**വിവർത്തനം : അബൂ ആഇശ**

Aloloom മലയാളം
www.aloloommalayalam.blogspot.com